I/187685/2023

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ബി 6/1203/2023/മെ.വി.വ.** **തീയതി: 27-10-2023**

## <u>വിജ്ഞാപനം</u>

### <u>ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2023-24</u>

### <u>[പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം]</u>

### <u>ജി.എൻ.എം സ്പോട്ട് അഡ്മിഷൻ 2023 ഒക്ടോബർ 30-ന്</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2023-24-ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ടം അലോട്ട്മെന്റിനുശേഷം ഒഴിവുണ്ടായ പത്ത് (10) സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 2023 ഒക്ടോബർ മാസം 30-ന് രാവിലെ 11 മണി മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) വെച്ച് നടത്തുന്നു. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം ആൺകുട്ടികളുടെ '1' ഒഴിവ് , എസ്.സി വിഭാഗം പെൺകുട്ടികളുടെ '3' ഒഴിവ്, കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.ടി വിഭാഗം പെൺകുട്ടികളുടെ ' 1' ഒഴിവ് , കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം പെൺകുട്ടികളുടെ '5' ഒഴിവ് എന്നിവ അന്നേ ദിവസം നടത്തുന്ന സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്. 2023-24 അധ്യയന വർഷത്തെ ജി.എൻ.എം പ്രവേശന നടപടികൾ 2023 ഒക്ടോബർ 31-ന് അവസാനിക്കുന്നതിനാൽ പ്രവേശന ദിവസം വരെ ഉണ്ടാകുന്ന ഒഴിവുകളും 30 ന നടത്തുന്ന സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതായിരിക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ അഭാവത്തിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെ പരിഗണിക്കുന്നതായിരിക്കും. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ്

മുതലായവ), റ്റി.സി എന്നിവ സഹിതം നേരിട്ട് പ്രസ്തുത ദിവസം സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്

പ്രവേശനം അതാത് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമായിരിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ കൃത്യം 11 മണിക്കുതന്നെ ഹാജരാകേണ്ടതാണ്. പ്രസ്തുത സമയത്തിനു ശേഷം ഹാജരാകുന്നവരെ പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ ഡി.എം.ഇ-യുടെ വെബ് സൈറ്റായ www.dme.kerala.gov.in -ൽ ലഭ്യമാണ്.

പ്രവേശനത്തിന് ഹാജരാകുന്നതിന് മുമ്പ് ഒഴിവുകളുടെ എണ്ണവും സ്ഥലവും പ്രത്യേകം ശ്രദ്ധിക്കുക.

Signed by
Saleena Shah
Date: 27-10-2023 16:48:34

വിശ്വസ്തതയോടെ,

SALEENA SHAH
JOINT DIRECTOR (NURSING)

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളര,തിരുവനന്തപുരം
4. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്
   തിരുവനന്തപുരം/കോട്ടയം/കോഴിക്കോട്
5. ഡി.എം.ഇ/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാദമിക്)
7. സീനിയർ സൂപ്രണ്ട്(അക്കാദമിക്)
8. സർജന്റ്
9. നോട്ടീസ് ബോർഡ്